(ബി) ഈ മെഷീൻ പ്രവർത്തന സജ്ജമാണോ; അല്ലെങ്കിൽ എന്തുകൊണ്ട് ; വിശദമാക്കാമോ ;

(സി) ഈ മെഷീൻ എന്നത്തേക്ക് പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 2013 ജൂലൈ മാസം

(ബി&സി) മെഷീൻ പ്രവർത്തനസജ്ജമാണ്. മെഷീൻ പ്രവർത്തിപ്പിക്കുവാനുള്ള അനുമതി അറ്റോമിക് എനർജി റഗുലേറ്ററി ബോർഡിൽ (എ.ഇ.ആർ.ബി.) നിന്നും കിട്ടിയിരുന്നില്ല. എന്നാൽ 27-11-2014-ന് എ.ഇ.ആർ.ബി. അനുമതി ലഭിച്ചിട്ടുണ്ട്. ആയതിനാൽ മെഷീന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

കൊല്ലം ജില്ലയിൽ സർക്കാർ മെഡിക്കൽ കോളേജ്

110 (817) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം ജില്ലയിൽ സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ സത്വര നടപടികളിലൂടെ പ്രസ്തുത മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കാമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

ഇല്ല. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സർക്കാർ മേഖലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കണമെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. കൊല്ലം ജില്ലയിൽ നിലവിൽ കേന്ദ്ര സർക്കാരിന്റെ ഇ.എസ്.ഐ. കോർപ്പറേഷനുകീഴിൽ ഒരു മെഡിക്കൽ കോളേജിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എന്നാൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ആലപ്പുഴ മെഡിക്കൽ കോളേജിൽ പട്ടികവിഭാഗത്തിൽപ്പെട്ടവർക്കായുള്ള പാരാമെഡിക്കൽ കോഴ്സ്

111 (818) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ടി.ഡി. മെഡിക്കൽ കോളജിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി പാരാമെഡിക്കൽ കോഴ്സ് അനുവദിച്ച് ഉത്തരവായിട്ടുണ്ടോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly